| | | | |
|---|---|---|---|
| 5. | സെന്റ്മേരിസ് കോളേജ് തൃശ്ശൂർ | 3 | 1 |
| 6. | സെന്റ് തോമസ് കോളേജ് | 3 | 1 |
| 7. | എസ്.കെ.വി. കോളേജ് തൃശ്ശൂർ | 3 | 1 |
| 8. | ശ്രീകൃഷ്ണ കോളേജ് ഗുരുവായൂർ | 3 | 1 |
| 9. | ശ്രീ വ്യാസ എൻ.എസ്.എസ് കോളേജ് വടക്കാഞ്ചേരി | 3 | 1 |

(ബി) 720 സീറ്റുകൾ കുറഞ്ഞു.

(സി) തൃശ്ശൂർ ജില്ലയിൽ 44 സ്കൂളുകളിൽ പ്ലസ് ടു കോഴ്സ് നിലവിലുണ്ട്. ഇവയിലെല്ലാം കൂടി 6800 സീറ്റുകളുണ്ട്.

(ഡി) എസ്.എസ്.എൽ.സി വിജയിച്ച വിദ്യാർത്ഥികൾക്ക് മതിയായ സീറ്റുകൾ പ്ലസ് ടു വിൽ ഉണ്ട്.

(ഇ) ഇല്ല

(എഫ്) ഉദിക്കുന്നില്ല.

**62 (2440) പുതിയ സാങ്കേതിക കോളേജുകൾ**

ശ്രീ. കെ. ബാബു :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീമതി ശോഭനാ ജോർജ് :
ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി സ്ഥാപിക്കുന്ന സാങ്കേതിക കോളേജുകളിൽ എന്തെല്ലാം വിഷയങ്ങളാണ് പഠിപ്പിക്കാനുദ്ദേശിക്കുന്നത്;

(ബി) ഇവയിൽ ഓരോന്നിലും എത്ര സീറ്റുകൾ വീതം അനുവദിക്കാനുദ്ദേശിക്കുന്നു എന്നറിയിക്കുമോ;

(സി) ഈ കോളേജിലേക്ക് പ്രവേശനത്തിനുള്ള മാനദണ്ഡമെന്താണ്;

(ഡി) ഈ കോളേജുകളിലെ ഫീസ് നിരക്ക് എത്ര വീതമായിരിക്കും;

(ഇ) ഇവിടെ പഠിക്കുന്ന കുട്ടികളിൽ നിന്ന് കൂടുതൽ ഫീസ് ഈടാക്കാൻ ഉദ്ദേശമുണ്ടോ; എങ്കിൽ വിശദീകരിക്കുമോ?

ഉത്തരം

(എ) പുതുതായി സ്ഥാപിക്കുന്ന സാങ്കേതിക കോളേജുകളിൽ മെക്കാനിക്കൽ എഞ്ചിനീയറിംഗ്, അപ്ലൈഡ് ഇലക്ട്രോണിക്സ് ആന്റ് ഇൻസ്ട്രുമെന്റേഷൻ, ഇലക്ട്രോണിക്സ് കമ്മ്യൂണിക്കേഷൻ, കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിംഗ്, ഇൻഫർമേഷൻ ടെക്നോളജി എന്നീ വിഷയങ്ങളാണ് പഠിപ്പിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്.

(ബി) ഓരോ വിഷയത്തിനും ഓരോ കോളേജിലും 60 സീറ്റുകൾ വീതമാണ് അനുവദിച്ചിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാന സർക്കാരിന്റെ പ്രവേശന പരീക്ഷ കമ്മീഷണർ നടത്തുന്ന പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ പ്രവേശനം നൽകുന്നു.

(ഡി) & (ഇ) കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന ഫീസാണ് ഈ കോളേജുകളിൽ ഈടാക്കുന്നത്.

**63 (2441) തൃശ്ശൂർ ജില്ലയിൽ പുതിയ കോളേജ് തുടങ്ങാൻ നടപടി**

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷം പുതിയ കോളേജുകൾ തുടങ്ങുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പുതിയ കോളേജുകൾ അനുവദിക്കുന്നതിന്റെ മാനദണ്ഡം എന്താണ്;

(സി) വിദ്യാഭ്യാസ സൗകര്യങ്ങളുടെ കാര്യത്തിൽ പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളെ പുതിയ കോളേജുകൾ ആരംഭിക്കുമ്പോൾ പരിഗണിക്കുമോ;

(ഡി) ചേർപ്പ് നിയോജകമണ്ഡലത്തിൽ ഒരൊറ്റ കോളേജും ഇല്ല എന്ന പരിഗണനയും, ഉയർന്ന വിജയശതമാനമുള്ള സ്കൂളുകളുള്ളതും കണക്കിലെടുത്ത് ഒരു കോളേജ് അനുവദിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളുടേയും ശുപാർശകൾ സർക്കാരിന് ലഭിച്ചിട്ടില്ല. ലഭിച്ചുകഴിഞ്ഞാൽ മാത്രമേ തീരുമാനം കൈക്കൊള്ളുകയുള്ളൂ.

(ബി) കോളേജിനാവശ്യമായ സ്ഥലസൗകര്യം പ്രദേശത്തെ പിന്നോക്കാവസ്ഥ, കോളേജിനുള്ള ആവശ്യകത മുതലായവയാണ് മാനദണ്ഡം.

(സി) ബന്ധപ്പെട്ട സർവ്വകലാശാലയുടെ ശുപാർശ ലഭിച്ചാൽ പരിഗണിക്കുന്നതാണ്.

(ഡി) സർവ്വകലാശാലകളുടെ ശുപാർശ സർക്കാരിന് ലഭിച്ചാൽ പരിഗണിക്കുന്നതാണ്.

**64 (2442) യു.ജി.സി. ഗ്രാന്റ് നഷ്ടപ്പെടുത്തിയ നടപടി**

ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. സി. മൊയീൻകുട്ടി :
ശ്രീ. സി.ടി. അഹമ്മദ് സലി :
ശ്രീ. കെ.പി.എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കട്ട് സർവ്വകലാശാലയിലെ ഡിസ്റ്റന്റ് എഡ്യൂക്കേഷൻ വകുപ്പിന് ലഭിക്കേണ്ടിയിരുന്ന യു.ജി.സി. ഗ്രാന്റ് നഷ്ടപ്പെട്ടുപോയതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly